(iii) കൈത്തറി വ്യവസായ വകുപ്പ് കൂടുതൽ അധികാരങ്ങളോടെ സംഘടിപ്പിക്കൽ

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: സർ, ഞാൻ താഴെ പറയുന്ന പ്രമേയം അവതരിപ്പിക്കുകയാണ്.

''കൈത്തറി വ്യവസായത്തിന്റെ സംരക്ഷണം, വികസനം, വിപണനം, കൈത്തറിത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾ എന്നീ രംഗങ്ങളിലുള്ള വികസന പദ്ധതികൾ കാര്യക്ഷമമായിനടത്തുന്നതിന് സൗകര്യപ്പെടുത്തുംമാറു വേണ്ടത്ര അധികാരങ്ങളോടുകൂടി കൈത്തറി വ്യവസായ വകുപ്പ് സംഘടിപ്പിക്കണമെന്ന് ഈ സഭ ഗവൺമെൻറിനോടു അഭ്യർത്ഥിക്കുന്നു.''

സർ, ചരിത്രാതീതകാലം മുതൽക്കുതന്നെ കൈത്തറി വ്യവസായത്തിനു കേൾവികേട്ട ഒരു രാജ്യമാണ് നമ്മുടെ ഭാരതം. ഡാക്കാമസിലിൻ, ബനാറസ് സിൽക്ക്, കാശ്മീർ പട്ട്, ആറൻമുളകണ്ണാടി ഇതിനെല്ലാം പേരു കേട്ടതാണ് നമ്മുടെ നാട്. 140 മുഴം ഡാക്കാമസ്‌ലിൻ തുണി ചുരുട്ടി ഒരു തീപ്പെട്ടിയുടെ ആകൃതിയിൽ പോക്കറ്റിൽവയ്ക്കാമെന്ന ബ്രിട്ടീഷുകാർക്കു ബോധ്യമായതിനെ തുടർന്ന് ആ മസ്‌ലിൻ തുണി ഉണ്ടാക്കിയ തൊഴിലാളികളുടെ വിരൽ മുറിച്ചുകളഞ്ഞു എന്നുള്ള വസ്തുത നാം ഈ അവസരത്തിൽ ഓർക്കേണ്ടതാണ്. അത്തരത്തിൽ പേരുകേട്ട ഈ വ്യവസായം ഇന്ന് പടിപടിയായി തകർന്നുകൊണ്ടിരിക്കുന്നുവെന്ന് ഞാൻ പറയുന്നില്ലെങ്കിലും നമ്മുടെ രാജ്യത്ത്, പ്രത്യേകിച്ച് കേരളത്തിൽ, അതിനോടു ജനങ്ങൾക്കുള്ള ബന്ധവും കേരളത്തിന്റെ സമ്പദ്ഘടനയിലുള്ള സ്വാധീനവും വച്ചുനോക്കുമ്പോൾ വേണ്ടത്ര ശ്രദ്ധിക്കുന്നില്ലെന്നുള്ളത് ഒരു പരമാർത്ഥമല്ലേയെന്ന് ഞാൻ സംശയിച്ചുപോവുകയാണ്. സർ, നമ്മുടെ കേരളത്തിൽ സെൻസസ് അനുസരിച്ചു ഈ വ്യവസായരംഗത്ത് രണ്ടരലക്ഷത്തോളം തൊഴിലാളികളുണ്ട്. ഒന്നേകാൽലക്ഷത്തോളം വരുന്നതൊഴിലാളികളും ഇതുമായി ബന്ധപ്പെട്ടു ജീവിക്കുകയാണ്. ഈ തൊഴിലാളികൾക്ക് ആണ്ടിൽ നമുക്ക് ജോലികൊടുക്കാൻ കഴിയുന്നത് നൂറോ നൂറിരിയൻപതോ ദിവസങ്ങളാണ്. ബാക്കിയുള്ള ദിവസങ്ങളിൽ അവർ പട്ടിണിയിൽ കഴിഞ്ഞുകൂടുകയാണ്. വർഷകാലത്താണെങ്കിൽ നൂൽ ഉണക്കിയെടുക്കാനുള്ള സംവിധാനമില്ല. അതുകൊണ്ടു ആ സമയത്ത്, പഞ്ഞമാസങ്ങളായ മിഥുനം—കർക്കിടകമാസങ്ങളിൽ, വേണ്ടത്ര ജോലി കിട്ടുന്നില്ലെന്നുള്ളതു ഒരു പരമാർത്ഥമാണ്. 1976-ലെ സെൻസസ് അനുസരിച്ച് 23,738 കൈത്തറി ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. അതിൽ പകുതിയിലധികവും കണ്ണൂർ ജില്ലയിലാണ്. ഒരു ലക്ഷത്തോളം വരുന്ന ഈ കൈത്തറിതൊഴിലാളികളും ഇന്ന് ഫാക്ടറി അടിസ്ഥാനത്തിൽ സംഘടിപ്പിച്ചിട്ടുള്ളത് 40,000 മാത്രമാണ്. അപ്പോൾ ബാക്കിയുള്ള കൈത്തറിതൊഴിലാളികളേയുംകൂടി ഫാക്ടറി അടിസ്ഥാനത്തിൽ സംഘടിപ്പിച്ചു സംരക്ഷണംകൊടുത്തെങ്കിൽ മാത്രമേ അവർക്കു സാമ്പത്തികമായിട്ടു മുന്നോട്ടു പോകാൻ കഴിയുകയുള്ളു എന്നുള്ളതാണ് പരമാർത്ഥം.

അതുപോലെതന്നെ വിപണനരംഗത്ത് നെയ്ത്തുസഹകരണ സംഘങ്ങളുണ്ട്. തൊഴിലാളികളും നെയ്യുന്ന തുണികളിൽ 30 ശതമാനം മാത്രമേ സഹകരണസ്ഥാപനങ്ങളിൽകൂടി വിറ്റഴിക്കാൻ കഴിയുന്നുള്ളു. ബാക്കി

LIBRARY ARCHIVES Kerala Legislative Assembly

യുള്ള മുഴുവൻ തുണിയും ഇടത്തട്ടുകാരുടെ ചൂഷണത്തിനു വിധേയമായി ഇന്ന് ലാഭം മദ്ധ്യവർത്തികൾ തട്ടിയെടുക്കുന്നു എന്നുള്ളതാണ് പരമാർത്ഥം. അതുകൊണ്ട് മദ്ധ്യവർത്തികളിൽനിന്നും അവരെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം.

മറ്റൊരുകാര്യം. ഈസ്റ്റേൺ രാജ്യങ്ങളിൽ കോട്ട സമ്പ്രദായമാണ് നിലവിലിരിക്കുന്നത്. തുണി വിറ്റഴിക്കുന്നതിന് മൽസരരംഗത്തു പ്രവർത്തിക്കാൻ ഇടത്തരക്കാർക്കും പാവപ്പെട്ടവർക്കും പറ്റുന്നില്ല. ബിർല യെപ്പോലുള്ള കേരളത്തിലെ വൻകിട കുത്തകക്കാർക്കുമാത്രമേ ആ രംഗത്തു മൽസരിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ഈ മൽസരരംഗത്ത് മുതലാളിമാരോടൊപ്പം എത്താൻ ചെറുകിടവ്യവസായികൾക്കു ഗവൺമെന്റ് സംരക്ഷണം നൽകണം.

മറ്റൊരുകാര്യം, ട്രേക്സ്പിന് അമേരിക്കയിൽ വമ്പിച്ച പ്രിയമുണ്ട്. ഈ ട്രേക്സ്പുതുണികൾ വിദേശനാണ്യം നേടിത്തരാൻ നമ്മെ സഹായിക്കുന്നു. കണ്ണൂർ ജില്ലയിലെ പലമുതലാളിമാരും ഈ നൂൽ കോയമ്പത്തൂരിൽ കൊണ്ടുപോയി പവ്വർലൂമിൽ നെയ്ത് കയറ്റി അയക്കുന്നതുകാരണം അമേരിക്കയിൽ ഇതിന്റെ പ്രിയം കുറഞ്ഞിരിക്കുന്നു എന്നുള്ളത് ഒരു വസ്തുതയാണ്. അതു നീക്കിയെടുക്കാൻ നമ്മുടെ സംസ്ഥാനത്തു നിന്ന് ഒരു സംഘത്തെ അമേരിക്കയിലേക്ക് അയക്കേണ്ടിവന്നു. ഇത്തരത്തിൽ നമ്മുടെ രാജ്യത്തേയും ജനങ്ങളേയും വഞ്ചിക്കുന്ന മുതലാളിമാർക്കെതിരായി കർശനമായ നടപടി സ്വീകരിക്കണം.

സർ, സഹകരണസ്ഥാപനങ്ങളിൽനിന്നും കടമെടുക്കുന്ന കർഷകർക്ക് മൂന്നു ശതമാനം പലിശയിളവു അനുവദിച്ചിരിക്കുകയാണ്. എന്നാൽ രണ്ടേമുക്കാൽ ലക്ഷത്തോളം വരുന്ന കൈത്തറിത്തൊഴിലാളികൾ സാധനസാമഗ്രികൾ വാങ്ങിക്കാൻ ബാങ്കുകളിൽനിന്നും വാങ്ങിക്കുന്ന കടത്തിന് 11 ശതമാനം പലിശയാണ്. അതുകൊണ്ട് കൃഷിക്കാർക്ക് അനുവദിച്ച പലിശ ഇളവ് നെയ്ത്തുതൊഴിലാളികൾക്കും അനുവദിക്കണമെന്നാണ് എനിക്കുപറയാനുള്ളത്.

സർ, ഈ രംഗത്ത് ഇന്നൊരു ദേശീയ വേതനനയമില്ല. തമിഴ്നാട്ടിൽ ചുരുങ്ങിയവേതനം കൊടുക്കുന്നു. നമ്മൾ കൂടുതൽ കൂലികൊടുക്കുന്നു. അതുകൊണ്ട് തുണിയുടെ വിലയിലും ആ വ്യത്യാസം വരുന്നുണ്ട്. മദ്രാസിലെ ജനങ്ങൾക്കു അവിടെ കുറഞ്ഞവിലയ്ക്കു തുണി കൊടുക്കാൻ സാധിക്കുന്നു. അതു കാരണം നമ്മുടെ തൊഴിലാളികൾ വിഷമിക്കുന്നു. അതുകൊണ്ട് ഒരു ദേശീയ വേതന നയം ഉണ്ടാക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് മുൻകൈയെടുത്തു പ്രവർത്തിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

അതുപോലെതന്നെ മൽസ്യത്തൊഴിലാളികൾക്കും ഹരിജനങ്ങൾക്കും കോളനികൾ ഉണ്ടാക്കികൊടുക്കുന്നുണ്ട്. എന്നാൽ ലക്ഷക്കണക്കിലുള്ള ഈ നെയ്ത്തു തൊഴിലാളികൾക്ക് അതിനുള്ള സംവിധാനമില്ല. അവർക്കും ഈ ചുരുങ്ങിയ സംഖ്യയിൽ വീടുകൾ ഉണ്ടാക്കികൊടുക്കാനുള്ള ഏർപ്പാടുകൾ ഗവൺമെന്റ് ചെയ്യണം.

അതുപോലെതന്നെ കശുഅണ്ടിത്തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതുപോലെതന്നെ കൈത്തറിത്തൊഴിലാളികൾക്കും ക്ഷേമനിധി ഏർപ്പെടുത്തണമെന്ന് ഞാൻ വിനയപൂർവ്വം ഓർമ്മപ്പെടുത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മറെറാരുകാര്യം, സഹകരണരംഗത്തു വരാത്ത തൊഴിലാളികളുണ്ട്. തളിപ്പറമ്പ്, തിരൂർ മുതലായ സ്ഥലങ്ങളിൽ ഇൻഡസ്ട്രീയൽ കോ-ഓപ്പറേററീവ് സൊസൈററി അടിസ്ഥാനത്തിൽ വ്യവസായങ്ങളം ഉണ്ടാക്കി ക്കൊടുത്ത് അവരെകൂടി സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കണ മെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയം ഞാൻ അവതരിപ്പി ക്കുകയാണ്.

ശ്രീ. കെ. പി. നൂറുദ്ദീൻ: സർ, ഞാൻ ഈ പ്രമേയത്തെ പിന്താ ങ്ങുകയാണ്. നമ്മുടെ സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ രംഗത്ത് ഒരു പ്രധാനപ്പെട്ട രംഗമാണ് കൈത്തറി വ്യവസായ രംഗം. നമ്മുടെ ഗവൺമെൻറും ഈ രംഗത്തു പ്രവർത്തിക്കുന്ന മറെറ് ഏജൻസികളും കൂടുതൽ കൂടുതൽ ശ്രദ്ധിക്കുകയും കുറച്ചുകൂടി താൽപര്യപൂർവ്വം കൈകാര്യം ചെയ്യു കയും ചെയ്യുമെങ്കിൽ കൂടുതൽ ആളുകൾക്ക് ജോലി കൊടുക്കാൻ ഉപകരി ക്കുന്നതും വളരെയേറെ വളർച്ച പ്രാപിക്കാൻ സാഹചര്യമുള്ളതുമായ ഒരു രംഗമാണ് കൈത്തറി രംഗം. കുറച്ചു നാളുകൾക്കുമുമ്പ് ഈ രംഗത്ത് അൽപം വളർച്ചയുണ്ടായിട്ടുണ്ടെങ്കിൽപോലും ഇന്ന് ഒരു അറച്ചുനിൽപ്പ് ആ രംഗത്തുണ്ടായിരിക്കുകയാണ്. അതിനുള്ള കാരണങ്ങൾ വളരെയുണ്ട്. വിശദീകരിക്കാൻ സമയമില്ല. ഞാനത്തെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നൂലിന്റെ സംഭരണ രംഗത്തും തുണിയുടെ വിപണനരംഗത്തും വളരെയേറെ ബുദ്ധിമുട്ടുകൾ നേരിടേണ്ടതായി വരുന്നു.

മറെറാരു സംസ്ഥാനങ്ങളിൽ നൂലിന്റെ വില കുറവാണ്. അവിടത്തെ തൊഴിലാളികൾക്ക് കൂലി കുറവാണ്. അതുകാരണം അവിടെ ഉൽപാദി പ്പിക്കുന്ന സാധനങ്ങൾ ഇവിടെ കൊണ്ടുവന്ന് കുറഞ്ഞ നിരക്കിൽ വിൽക്കാൻ സാധിക്കുന്നു. ഇവിടെ നൂൽ കിട്ടാൻ പ്രയാസം. കൂലി കൂടുതൽ. ഇതെല്ലാം കാരണം കൂടിയ വിലയ്ക്കു മാത്രമേ നമുക്കു വിൽക്കാൻ പറ്റുന്നുള്ളൂ. അതിന്റെ ഫലമായിട്ട് ഉദ്ദേശിച്ചതുപോലെ വിറ്റഴിക്കാൻ കഴിയാത്ത അവസ്ഥയും ഉണ്ട്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് ഈ രംഗത്തെ കൂടുതൽ ശക്തിപ്പെടുത്താനും ഈ രംഗത്തു കൂടുതൽ ആളുകൾക്ക് ജോലി കൊടുക്കാനും കഴിയുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കുന്നതിനു ഗവൺമെൻറ് നടപടിയെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. എൻ. സുബ്രഹ്മണ്യഷേണായ്: സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുകയാണ്. ഇവിടത്തെ മുതലാളിമാർ പവ്വർ ലൂമിൽ നെയ്ത ക്ലോത്തു തുണികൾ അമേരിക്കയിലേക്ക് കയററി അയക്കുന്നതു കാരണം അമേരിക്കൻ മാർക്കററ് തകർന്നുകൊണ്ടിരിക്കുകയാണ്. ഇതിനെ കർശന മായി തടയുകയും ഹാൻഡ്ലൂമിൽതന്നെ ക്ലോത്തു തുണികൾ നിർമ്മിക്കാൻ കർശനമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. അതുപോലെ ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് പണിയില്ലാത്ത ഘട്ടത്തിൽ റിലീഫു കൊടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

വ്യവസായവും വനവും വകുപ്പുമന്ത്രി ശ്രീ.പി.എസ്. ശ്രീനിവാസൻ:

സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രമേയം "കൈത്തറി വ്യവസായത്തി ന്റെ സംരക്ഷണം, വികസനം, വിപണനം, കൈത്തറിത്തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനത്തം എന്നീ രംഗങ്ങളിൽ ഇള്ള വികസന പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly

കാര്യമായി നടത്തുന്നതിന് സൗകര്യപ്പെടുത്തുമാറ് വേണ്ടത്ര അധികാരങ്ങളോടുകൂടി കൈത്തറി വ്യവസായ വകുപ്പ് സംഘടിപ്പിക്കണമെന്ന് ഈ സഭ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുന്നു'' ഇതാണ്.

ആദ്യം പറഞ്ഞ കാര്യങ്ങളെല്ലാം ചെയ്യാനുള്ള പരിശ്രമം ഗവൺമെൻറ് നടത്തിക്കൊണ്ടിരിക്കുകയാണ്. അതിൽ വളരെദൂരം മുന്നോട്ടുപോയിട്ടുണ്ടെന്നു നമുക്ക് അവകാശപ്പെടാൻ കഴിയും. ഈ കൈത്തറിവ്യവസായ വകുപ്പ് സംഘടിപ്പിക്കണമെന്ന ആവശ്യം അതു നടന്നുകഴിഞ്ഞ ഒരു കാര്യമാണ്. ഏതാനും ആഴ്ചകൾക്കുമുമ്പ് കൈത്തറി വ്യവസായ വികസന വകുപ്പ് അതിനു ഒരു ഡയറക്ടറെ, ഒരു ജോയിൻറു ഡയറക്ടറെ എല്ലാം സംഘടിപ്പിക്കുകയും ഇൻറിപ്പെൻറൻറായി അവർ അക്കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയുമാണ്. അതുകൊണ്ട് വ്യവസായ വകുപ്പു സംഘടിപ്പിക്കണമെന്ന പ്രമേയത്തിലെ ആവശ്യം നേടിക്കഴിഞ്ഞു. അത് സംഘടിപ്പിച്ചു കഴിഞ്ഞിരിക്കുന്നു.

പിന്നെ പ്രവർത്തനത്തിൻറെ കാര്യമാണ്. ബഡ്ജറ്റിൽ വളരെയധികം കാര്യങ്ങൾ മുന്നോട്ടു വച്ചിട്ടുണ്ട്. അക്കാര്യങ്ങളെല്ലാം രണ്ടു മൂന്നു മിനിറ്റു കൊണ്ട് വിശദീകരിക്കാൻ പറ്റുന്നതല്ല. അതിന് ഇനിയും അവസരം വരുന്നുണ്ട്. ആ അവസരം ഉപയോഗപ്പെടുത്തിക്കൊള്ളാം.

ഒരു ലക്ഷത്തോളം തറികൾ കേരളത്തിലുണ്ട്. അതിനെ ആശ്രയിച്ചു രണ്ട്, മൂന്നു ലക്ഷത്തിലധികം ആളുകൾ പ്രവൃത്തിയെടുത്തു ജീവിക്കുന്നുണ്ട്. അവരുടെ ജീവിതം ഭദ്രമാക്കുന്നതിനുവേണ്ടിയുള്ള പരിപാടികളിൽ ഇപ്പോൾ പ്രവർത്തിക്കുന്ന 2 സംഘടനകൾ നമുക്കുണ്ട്. ഒന്ന് സഹകരണമേഖല, അതിൻറെ അപ്പെക്സ്, അങ്ങനെ പ്രവർത്തിക്കുന്നു. മറെറാന്ന് ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു കോർപ്പറേഷൻ. പ്രത്യേകിച്ചും സഹകാര്യമേഖലയിൽ പ്രവർത്തിക്കുന്നവരെ - മലബാർ പ്രദേശത്താണ് അവർ കൂടുതലുള്ളത്. ഇവിടെ സഹകരണ മേഖലയാണ് കൂടുതൽ. ഈ കോർപ്പറേഷൻ വളരെക്കൂടുതലായിട്ട് പ്രവർത്തിക്കുന്നുണ്ട്. സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുക, പുതിയതായി ഫാക്ടറികൾ ഉണ്ടാക്കുക, അതുപോലെതന്നെ ഈയിടെ ഉണ്ടാക്കിയിട്ടുള്ള ഒരു ഗാർമെൻറ് ഫാക്ടറി തുടങ്ങിയ ധാരാളം പ്രവർത്തനങ്ങൾ അവർ നടത്തിക്കൊണ്ടിരിക്കുകയാണ്. 2 കോമൺഫെസിലിറ്റീസ് സെൻറേഴ്സ് സംഘടിപ്പിക്കാൻ തീവ്രയത്നപരിപാടിക്കു നേതൃത്വം കൊടുക്കാൻ ഈ കോർപ്പറേഷൻ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ അപ്പെക്സിൻറെ കീഴിലും ധാരാളം പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്; വികസനത്തിലും വിപണനത്തിലുമെല്ലാം നടക്കുന്നുണ്ട്, അതിൻറെ വിശദമായ കാര്യങ്ങൾ പറയാൻ ഇപ്പോൾ ആഗ്രഹിക്കുന്നില്ല.

കൈത്തറിത്തൊഴിലാളികളെ പ്രധാനമായി അലട്ടുന്ന, ഈ വ്യവസായത്തെ ഏറ്റവും കൂടുതൽ ബുദ്ധിമുട്ടിക്കുന്ന ഒരു പ്രശ്നം നൂലിൻറെ വിലകൂടുതലിൻറെ പ്രശ്നമാണ്. നൂലിൻറെ വിലക്കൂടുതൽ പരിഹരിക്കുന്നതിനെക്കുറിച്ചു പറയുമ്പോൾ, നമുക്കു മാത്രമായിട്ടു ആ പ്രശ്നം പരിഹരിക്കാൻ കഴിയുകയില്ല. കേന്ദ്ര ഗവൺമെൻറാണ് അക്കാര്യത്തിൽ നമ്മെ സഹായിക്കേണ്ടത്. കേന്ദ്രഗവൺമെൻറിൽ അതിനാവശ്യമായ എല്ലാ സമ്മർദ്ദങ്ങളും നിവേദനങ്ങളും ഈ ഗവൺമെൻറ് നടത്തിക്കൊണ്ടിരിക്കുകയാണ്. അതിൽ പ്രധാനപ്പെട്ട കാര്യം ഇവിടെയുള്ള നൂൽ ഉൽപാദക മില്ലുകളിൽ താഴ്ന്ന ഇനത്തിലുള്ള നൂൽ ആണ് ഉൽപാദിപ്പിക്കുന്നത്. ഉയർന്നതരം നൂൽ ഉൽപാദിപ്പിക്കുന്ന മില്ലുകൾ നമുക്ക് ഇല്ലെന്നുവേണം പറയാൻ. വളരെ ചുരുങ്ങിയ തോതിൽ അപൂർവ്വമായിട്ടുമാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

അക്കാര്യത്തിൽ മുന്നോട്ടുപോകാൻ നമുക്കു കഴിഞ്ഞിട്ടുള്ളു. ഇപ്പോഴും കേന്ദ്രഗവൺമെൻറിനോടു നമ്മുടെ ആവശ്യപ്പെട്ടിട്ടുണ്ട്. നമ്മുടെ കൊല്ലത്തു ആരംഭിക്കാൻ പോകുന്ന സഹകരണ സ്പിന്നിംഗ് മില്ലിൽ ഉയർന്നതരം നൂലുകളും ഉൽപാദിപ്പിക്കാനുള്ള അനുമതി താരണം എന്ന്. ഇതുവരെയുള്ള അനുഭവത്തിൽനിന്നും കേന്ദ്രഗവൺമെൻറു അനുഭാവപൂർവ്വമായ ഒരു നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്; അതിനു അനുമതി കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

അതുപോലെതന്നെ മില്ലിൻെറ പ്രവർത്തകരേയും ഉടമസ്ഥൻമാരേയും വിളിച്ചുകൂട്ടി നമുക്കു കൂടുതൽ നൂൽ തരാനും, കൂടിക്കൊണ്ടിരിക്കുന്ന വില അൽപം കുറയ്ക്കാനും മറ്റും ഉള്ള മാർഗ്ഗങ്ങളും ആരാഞ്ഞുകൊണ്ടിരിക്കുകയാണ്. അങ്ങനെ ഇതിൻെറ വികസന രംഗത്തും വിപണന രംഗത്തും ഉള്ളതായ പ്രയാസങ്ങളും പരിഹരിക്കുന്നതിനു സൊസൈറ്റികൾ കാര്യക്ഷമമായി പ്രവർത്തിക്കണം. 60 ശതമാനം ആളുകളെയെങ്കിലും സഹകരണ മേഖലയിൽ കൊണ്ടുവരുന്നതിനു കോർപ്പറേഷനേയും അപ്പെക്സ് സൊസൈറ്റിയുടേയും പ്രവർത്തനം മെച്ചപ്പെടുത്താൻ ഗവൺമെൻറ് കാര്യമായി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അത് കുറച്ചുകൂടി നന്നായി പ്രവർത്തിപ്പിക്കാൻ കഴിയുമെന്ന് സഭയ്ക്കു ഞാൻ ഉറപ്പു നൽകുകയാണ്. അടുത്തവർഷം കൂടുതൽ നേട്ടങ്ങളും ഇക്കാര്യത്തിൽ കൈവരിക്കുകയും ചെയ്യും. ഇൻറിപ്പെൻറൻറായി പ്രവർത്തിക്കുന്ന ഡിപ്പാർട്ടുമെൻറ് സംഘടിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഈ പ്രമേയം പ്രസ്ചെയ്യുകയില്ലെന്ന് ഞാൻ വിചാരിക്കുന്നു. പ്രമേയാവതാരകൻ ഈ അഭിപ്രായത്തോടു യോജിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തെത്തുടർന്ന് ഈ പ്രമേയം ഞാൻ പിൻവലിക്കുന്നു.

മി. ഡെ. സ്പീക്കർ: ഓർഡർ, ഓർഡർ, സഭയുടെ അനുവാദത്തോടുകൂടി പ്രമേയം പിൻവലിക്കപ്പെട്ടിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

1979 ഏപ്രിൽ 2-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക് 12.35 ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly